# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **442**

൭ 9.06..2015- ലെ മറുപടിക്ക്

## സഹകരണ മേഖലയുടെ സമഗ്ര വികസനം

**ചോദ്യം**

ശ്രീ.കെ .രാജു

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദിഗ്രാമ
വ്യവസായവും വകുപ്പ് മന്ത്രി)

എ) 2014-15 സാമ്പത്തിക വർഷത്തിൽ സഹകരണ മേഖലയുടെ സമഗ്ര വികസനത്തിനായി എത്ര തുകയാണ് വകയിരുത്തിയത്; ഏതെല്ലാം ഇനത്തിൽ എത്ര തുക ചെലവഴിച്ചു; ഇനി ചെലവഴിക്കപ്പെടാനുള്ള തുക എത്ര ; വിശദമാക്കുമോ;

(എ) 2014 -15 സാമ്പത്തിക വർഷം സഹകരണ മേഖലയുടെ സമഗ്ര വികസനത്തിനായി സംസ്ഥാന പദ്ധതിയിനത്തിൽ 8799.00 ലക്ഷം രൂപയും എൻ.സി.ഡി സി പദ്ധതിയിനത്തിൽ 3500.00 ലക്ഷം രൂപയും എൻ. ആർ സി (എൽ.റ്റി.ഒ) പദ്ധതിയിനത്തിൽ 3000/ രൂപയും ഉൾപ്പെടെ 12299.03 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ചുവടെ ചേർക്കും വിധം പദ്ധതി തുക ചെലവഴിച്ചിട്ടുണ്ട്.

| പദ്ധതി | (തുക ലക്ഷത്തിൽ) | | |
|---|---|---|---|
| | തുക | ചെലവ് | ബാക്കി |
| സംസ്ഥാന പദ്ധതി (എസ്.ഡി.ജി മുഖേന വകയിരുത്തിയ തുക ഉൾപ്പെടെ) | 19438.90 | 17554.07 | 1884.83 |
| എൻ.ആർ.സി (എൽ.റ്റി ഒ) | 0.03 | -- | 0.03 |
| എൻ.സി.ഡി.സി പദ്ധതി (എസ്.ഡി.ജി മുഖേന വകയിരുത്തിയ തുക ഉൾപ്പെടെ) | 8000 | 7452.15 | 547.85 |

| | |
|---|---|
| ബി) 2015-2016 സാമ്പത്തിക വർഷത്തിൽ സഹകരണ മേഖലയുടെ വികസനത്തിനായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; വിശദമാക്കുമോ ; | (ബി) 2015-16 സാമ്പത്തിക വർഷത്തിൽ സഹകരണ മേഖലയുടെ സമഗ്ര വികസനത്തിനായി സംസ്ഥാന പദ്ധതിയിനത്തിൽ 8999.00 ലക്ഷം രൂപയും, എൻ.സി.ഡി സി പദ്ധതിയിനത്തിൽ 4500.00 ലക്ഷം രൂപയും ഉൾപ്പെടെ 13499 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| സി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വിപണി ഇടപെടലിനായി എത്ര തുക 2012-13, 2013-14, 2014-15 വർഷങ്ങളിൽ ചെലവഴിച്ച എന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (സി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വിപണി ഇടപെടലിനായി കൺസ്യൂമർ ഫെഡറേഷന് 2012-13 സാമ്പത്തിക വർഷത്തിൽ 69.50 കോടി രൂപയും 2013-14-ൽ 80 കോടി രൂപയും, 2014-15 ൽ 50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| ഡി) സംസ്ഥാനത്ത് ത്രിവേണി മെഡിക്കൽ സ്റ്റോറുകൾക്കായി 2012-13, 2013-14, 2014-15 വർഷങ്ങളിൽ എത്ര തുക ചെലവഴിച്ച എന്ന് വ്യക്തമാക്കുമോ? | ഡി) സംസ്ഥാനത്ത് ത്രിവേണി മെഡിക്കൽ സ്റ്റോറുകൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിൽ നീതി മെഡിക്കൽ സ്റ്റോറുകളാണ് പ്രവർത്തിച്ചു വരുന്നത്. |

Hayayan

സെക്ഷൻ ഓഫീസർ